APRIL
2025



# THE BIBLE TRUTH

# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 51** **April 2025** **No.15**

## എഡിറ്റോറിയൽ

വിനോദങ്ങൾ, ആഘോഷങ്ങൾ എന്നിവ ഇഷ്ടപ്പെടുന്നവരാണ് മനുഷ്യരിൽ ഭൂരിഭാഗവും. എല്ലാ രാജ്യങ്ങളിലും അത് കാണപ്പെടുന്നുണ്ട്. മതത്തിലും സംസ്കാരത്തിലും, രാഷ്ട്രീയത്തിലും മറ്റും കാണപ്പെടുന്ന ഒന്നാണ് ഇവ. നമ്മുടെ ലോക ജീവിതം മാനസിക സംഘർഷം നിറഞ്ഞതാണ്. അതിൽ നിന്ന് അയവ് വരുത്താൻ ഇത് പരിഹരിക്കുമെന്ന് മനഃശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നു. പക്ഷേ ഇതിലെ നന്മയും തിന്മയും വേർതിരിച്ചറിയണം. മനുഷ്യ ശരീരത്തിൽ ഉള്ള അവയവങ്ങൾ എല്ലാം ഘടിപ്പിച്ചിരിക്കുന്നത ഓരോ ഉദ്ദേശ്യത്തിനാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചത് മനുഷ്യന്റെ ഉപയോഗത്തിനു വേണ്ടിയാണ്. ആരംഭം മുതൽ ഇന്നുവരെ നാം പരിശോധിച്ചാൽ നമ്മുടെ ജീവിതത്തിന്റെ ആവശ്യകത എന്തെന്നും സുഖ ദുഃഖങ്ങൾ ഇടകലർന്നുണ്ടാകുന്നതിന്റെ കാരണവും വ്യക്തമാകും. മനുഷ്യൻ ശാപഗ്രസ്തനായതു കൊണ്ടാണ് കഷ്ടത അനുഭവിക്കേണ്ടി വരുന്നത്. ഭൂമി ശപിക്കപ്പെട്ടതു കൊണ്ടാണ് മനുഷ്യൻ നിലത്തിലെ അദ്ധ്വാനം കൊണ്ട് ഉപജീവനം നടത്തേണ്ടി വരുന്നത്. പരാജയം നേരിടുവാനും കാരണമുണ്ട്. ദൈവനിയമത്തെ മറികടന്നു ജീവിക്കുന്ന മനുഷ്യന്റെ വഴികൾ പരാജയമാകും. വീഴ്ച ഉറപ്പാണ്.

വിവിധ ആഘോഷങ്ങൾ പഴയ നിയമ കാലയളവിൽ യഹൂദന്മാർ അനുഷ്ടിച്ചിരുന്നു. മതപരമായ ആഘോഷങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുവാനായി അവർ ആഗ്രഹിച്ചു. പെസഹ, പെന്തക്കോസ്ത്, കൂടാര പെരുന്നാൾ എന്നിവ അവയിൽ പെടുന്നതാണ്. പെസഹ ആഘോഷി

ക്കുന്നതിനും പെന്തക്കോസ്ത് കൊണ്ടാടുന്നതിനും കൂടാര പെരുന്നാൾ ആചരിക്കുന്നതിനും ദൈവം കൽപിച്ചിരുന്നു. അതിനെല്ലാം ഉദ്ദേശ്യമുണ്ടായിരുന്നു. ആന്തരികമായി ദൈവം ഇസ്രായേലിനെ മാറ്റി എടുക്കാൻ ആക്ഷരിക നിയമം കൊടുത്തു. പക്ഷേ അവർ യാന്ത്രികമായി ആചാരങ്ങൾ കൊണ്ടാടി. ആഘോഷങ്ങൾ ഓരോന്നും വെറും ഭൗതിക ചടങ്ങുകളായി  നില നിന്നു. യാഗങ്ങളും വഴിപാടുകളും ഈ അവസരങ്ങളിൽ നടത്തിയിരുന്നു. പക്ഷേ അവരുടെ ജീവിതത്തിന് യാതൊരു മാറ്റവും ഉണ്ടായിരുന്നില്ല. അന്യായവും അക്രമവും ചെയ്തു ജീവിച്ചിട്ട് ആഘോഷങ്ങൾ ദൈവത്തെ പ്രസാദിപ്പിപ്പാൻ നടത്തിയിരുന്നതിനാൽ ദൈവം പ്രസാദിച്ചില്ല. നന്മയ്ക്കായി ദൈവം കൽപിച്ചിരുന്ന കാര്യങ്ങളുടെ ഉദ്ദേശ്യം അവർ തിരിച്ചറിഞ്ഞില്ല. നമ്മുടെ ജീവിതത്തിലും നാം ശരിയായി കാര്യങ്ങളെ ഗ്രഹിക്കേണ്ടതുണ്ട്. ദൈവം വെറുക്കുന്ന ജീവിതമാണോ നയിക്കുന്നതെന്ന്  ഓരോരുത്തരും  പരിശോധിക്കണം.

ഇന്നും ആഘോഷങ്ങൾക്കും വിനോദങ്ങൾക്കും കുറവില്ല. സാമൂഹികമായ അംഗീകാരത്തിനു വേണ്ടിയോ അല്ലെങ്കിൽ അനുകരിക്കാനുള്ള പ്രവണത കൊണ്ടോ ചെയ്യുന്നവർ ഉണ്ട്. എങ്ങനെയായാലും പാപമായി തീരാതെ ഇത്തരം ആഘോഷങ്ങളെ നിയന്ത്രിക്കണം. തിന്മ ചെയ്തു സന്തോഷം ലഭിക്കും എന്നു വിചാരിക്കരുത്. അത് നമ്മുടെ ജീവിതത്തെ കൂടുതൽ അസ്വസ്ഥമാക്കുകയേയുള്ളൂ. ആഘോഷങ്ങളുടെ കൊഴുപ്പിനു വേണ്ടി അമിതമായ ആഹാരം, മദ്യപാനം, വെറിക്കൂത്ത് എന്നിവ ദോഷം ഉളവാക്കും. ദൈവം ചെയ്യരുത് എന്ന് പറഞ്ഞിരിക്കുന്നവ ചെയ്യാതിരിക്കുക. ദൈവം ചെയ്യാൻ പറഞ്ഞത് അതു പോലെ ചെയ്യുക. ഇതാകണം ഓരോരുത്തരുടെയും ഉള്ളിൽ വേണ്ടത്. നമ്മുടെ മനസ്സിനെ ദൈവിക കാര്യങ്ങളിൽ കേന്ദ്രീകരിക്കണം. എന്തു സമ്മർദ്ദത്തെയും പിരിമുറുക്കത്തെയും  നീക്കം ചെയ്യുവാൻ ദൈവത്തിനു കഴിയും. ദൈവത്തിൽ ആശ്രയം വയ് ക്കുക. ദൈവ നിയമം അനുസരിക്കുന്നതിനും അതിൽ നിലനിൽക്കുന്നതിനും പകരമായി മറ്റൊന്നില്ല. കണ്ണുകൾക്കോ, കാതുകൾക്കോ, മനസ്സിനോ കുളിർമ്മ തോന്നുന്നതോ ആയ പലതും ഈ ലോകത്തിലുണ്ട്. നമ്മൾ ആരും നമ്മുടെ ചിന്തയെ അവയിലേക്ക് വിട്ടുകളയരുത്. ശരീരത്തെക്കാൾ വലുതു ജീവനും ജീവനെക്കാൾ വലുത് നമ്മുടെ ആത്മാവുമാണ്.

# ആരോടാണ് നാം പ്രാർത്ഥിക്കുന്നത്?

**ജെ. സി. ചോട്ട്**

ക്രിസ്ത്യാനികളായി തീർന്ന ദൈവ മക്കളാകുന്ന നമുക്ക് കർത്താവിന്റെ ഭവനത്തിലെ അംഗങ്ങൾക്ക് പ്രത്യേക സാഹചര്യമാണുള്ളത്. കർത്താവിന്റെ സഭയിലെ അംഗങ്ങൾക്ക് പ്രത്യേക അനുഗ്രഹങ്ങൾ ധാരാളമുണ്ട്. അതിൽ ഒന്നാണ് അവന്റെ സന്നിധിയിലേക്കു നമുക്ക് ധൈര്യത്തോടെ അടുത്തു ചെല്ലാമെന്നുള്ളത്. ദൈവം നമ്മോട് തന്റെ വചനം മുഖാന്തരം സംസാരിക്കുന്നു. നാം പ്രാർത്ഥനയിലൂടെ ദൈവത്തോടു സംസാരിക്കുന്നു. ദൈവത്തിനു സ്തുതിയും മഹത്വവും കൊടുപ്പാൻ അവൻ നമ്മെ അനുവദിച്ചിരിക്കുന്നു. അവൻ നമുക്ക് ചെയ്തതിനെല്ലാം നാം അവനോട് നന്ദി സൂചിപ്പിക്കുകയും വേണം. തുടർന്ന് നമ്മുടെ ആവശ്യങ്ങൾ അറിയിക്കുകയും അവൻ അതിന് മറുപടി നൽകുകയും ചെയ്യുന്നു. ഇത് നിരന്തരമായി ഓരോ പൈതലും ചെയ്യേണ്ടതാകുന്നു.

നമ്മുടെ ദൈവം മരിച്ചവനല്ല, ജീവനുള്ളവനാണ്; തന്റെ മക്കളുടെ യാചനയ്ക്ക് അവൻ എപ്പോഴും ചെവികൊടുക്കും; നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടിയും നൽകും. പക്ഷേ, നാം അവന്റെ ഹിതപ്രകാരം ജീവിക്കണമെന്നു മാത്രം (1 യോഹന്നാൻ 5:14-15). അവൻ നമ്മുടെ സൃഷ്ടികർത്താവാകുകയാൽ നമ്മെയും നമ്മുടെ ആവശ്യങ്ങളെയും അറിയുന്നവനാണ്. നാം അവന്റെ കൽപനകൾ പ്രമാണിച്ചിരിക്കുക കൊണ്ട് നാം അവന് പ്രിയപ്പെട്ടവരാണ് (മർക്കോസ് 16:16; പ്രവൃത്തി 2:38,47). അവൻ നമ്മുടെ പിതാവും നാം അവന്റെ മക്കളുമായി തീർന്നരിക്കുന്നു. നാം അവന്റെ ആത്മീയ ഗൃഹത്തിലായതു കൊണ്ട് നമുക്ക് അവനോടു പ്രത്യേകമായ ബന്ധമാണുള്ളത്. അവൻ നമ്മെയും നാം അവനെയും സ്നേഹിക്കുന്നു. അതു കൊണ്ട് അവൻ എപ്പോഴും നമ്മെക്കുറിച്ച് കരുതുന്നു. പ്രാർത്ഥനയിലൂടെ നാം അവനോട് സംസാരിക്കുവാനും അതിന് ഉത്തരം അരുളുവാനും ദൈവം ആഗ്രഹിക്കുന്നു.

ദൈവം ആത്മാവാകുന്നു (യോഹന്നാൻ 4:24). ആത്മാവ് നിത്യമാണ്. നാം സൂര്യനെയോ, ചന്ദ്രനെയോ, നക്ഷത്രങ്ങളെയോ ലോകത്തുള്ള യാതൊരു വസ്തുക്കളെയു കുമ്പിടുന്നില്ല. മതപരമായ ഒരു പുരുഷനെയും

പുണ്യവാളൻ എന്നു കരുതി അവരോട് പ്രാർത്ഥിക്കുന്നില്ല. അവയെല്ലാം ഭാവനയിൽ നിന്നും സങ്കൽപത്തിൽ നിന്നും ഉളവായവയാണ്. മനുഷ്യ നിർമ്മിതമായ വിഗ്രഹങ്ങൾക്കോ രൂപങ്ങൾക്കോ കണ്ണുണ്ടെങ്കിലും കാഴ്ച യില്ല ; ചെവിയുണ്ടെങ്കിലും കേൾവിയില്ല ; ശരീരമുണ്ടെങ്കിലും പ്രവർത്തി ക്കുന്നില്ല. അതു കൊണ്ട് അവയുടെ മുന്നിൽ പ്രാർത്ഥിച്ചതു കൊണ്ട് ഫലമില്ല. അവയ്ക്കൊന്നും നമ്മെ രക്ഷിപ്പാനോ, ശിക്ഷിക്കാനോ സാദ്ധ്യ മല്ല. ജീവനുള്ള ദൈവം കാണുന്നവനും കേൾക്കുന്നവനും പ്രവർത്തി ക്കുകയും ചെയ്യുന്നവനാകുന്നു.

നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്ന സത്യം, ദൈവം എന്നാ ണത്രേ. കർത്താവ് ഒരുവനത്രേ. ദൈവ മക്കളായ നമുക്ക് ദൈവം പിതാ വാണ്. ദൈവ പുത്രനായി വന്ന യേശു നമുക്ക് കർത്താവുമാണ് (എഫെ സ്യർ 4:1–6). യേശു ദൈവത്തിന്റെ പുത്രനും നമ്മുടെ ഏക കർത്താവുമാ കയാൽ അവനാണ് നമ്മുടെ മദ്ധ്യസ്ഥൻ. ദൈവത്തോടടുക്കുവാൻ നമുക്കു വേണ്ടി ആരും മദ്ധ്യസ്ഥത വഹിച്ചിട്ടില്ല. കാര്യസ്ഥനായി നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും അവൻ തന്നെ. മറ്റൊരു രീതിയിൽ പറഞ്ഞാൽ നമുക്ക് യേശുക്രിസ്തു മുഖാന്തരം ദൈവത്തോട് ബന്ധപ്പെടുവാൻ സാഹ ചര്യം ഉണ്ട് എന്ന് സാരം (യോഹന്നാൻ 14:6). അതു കൊണ്ടു നാം പിതാവായ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ അത് യേശുക്രിസ്തുവിന്റെ നാമം നിമിത്തം പ്രാർത്ഥിക്കണം എന്നു പറയുന്നു. കർത്താവ് പറഞ്ഞത് നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിപ്പിൻ. അവൻ അത് നിങ്ങൾക്ക് ചെയ്തു തരും. ആകയാൽ നമ്മുടെ പ്രാർത്ഥന ക്രിസ്തു മുഖാന്തരമായിരിക്കണം.

അപ്പോസ്തോലനായിരുന്ന യോഹന്നാൻ എഴുതിയത്: ‘‘എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്കെ ഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്; അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു; അവന്റെ കൽപനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതി നാൽ അറിയുന്നു’’ (1 യോഹന്നാൻ 2:1–3). എബ്രായ ലേഖകൻ എഴുതു ന്നത്: അതി വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകയാൽ അതിന്റെ വിശേഷതയ്ക്കൊത്ത വണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു എന്നത്രേ (എ

ബ്രായർ 8:6). ‘‘അതു നിമിത്തം ആദ്യ നിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന് അവൻ പുതിയ നിയമ ത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു’’ (എബ്രായർ 9:15 ; 12:24). പുതിയ നിയമ മാണ് നമ്മെ ദൈവത്തോട് ബന്ധിപ്പിക്കുന്നത്.

കർത്താവ് നമുക്ക് തുണയായി നിൽക്കുമെന്ന് വാഗ്ദാനമുണ്ട്. ക്രിസ്തുവിനെ ഉയർപ്പിച്ച് സകല അധികാരവും നൽകിയിരിക്കുക കൊണ്ട് മറ്റാരെയും നാം ആശ്രയിക്കേണ്ടതില്ല. ആരംഭത്തിൽ നാം ചോദിച്ച ചോദ്യ ത്തിലേക്ക് പോകാം. ആരോടാണ് നാം പ്രാർത്ഥിക്കേണ്ടത്? അതിന്റെ ഉത്തരം ക്രിസ്ത്യാനികളായി തീർന്നവർ യേശുക്രിസ്തു നിമിത്തം പിതാ വിനോട് പ്രാർത്ഥിക്കണം. അതാണ് പിതാവിന്റെ ഇഷ്ടം. പുത്രനെ ദൈവം മഹത്വീകരിച്ചിരിക്കുന്നു. മറ്റാരോട് പ്രാർത്ഥിച്ചാലും അത് നിന്ദ്യവും സമയം പാഴാക്കലുമാണ്. യേശുക്രിസ്തു മൂലമല്ലാത്ത പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകുകയില്ല. കാരണം യേശു ക്രിസ്തുവല്ലാതെ മറ്റൊരു മദ്ധ്യസ്ഥൻ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഇല്ല. നാം ദൈവത്തിൽ നിന്നും അനുകൂല മറുപടി പ്രതീക്ഷിക്കുന്നു എങ്കിൽ നാം പിതാവിന്റെ ഇഷ്ടം അനുസരിച്ച് പ്രവർത്തിക്കണം.

തിരുവെഴുത്ത് എന്തു പറയുന്നു എന്നാണ് നോക്കേണ്ടത്. മനു ഷ്യർ എന്തു പറയുന്നു എന്നല്ല നമ്മുടെ ചിന്ത. ദൈവേഷ്ട പ്രകാരം ഭക്തിയുള്ള ജീവിതം നയിക്കുന്നവരുടെ പ്രാർത്ഥന ദൈവം ദൈവം കേൾക്കുകയും ദൈവം അവർക്ക് ഏറ്റവും നല്ലത് നൽകുകയും ചെയ്യും. ദൈവ നിബന്ധന നിറവേറ്റാൻ മറക്കരുത്.

✶

# വിശ്വാസം

**ബാറ്റ്സെൽ. ബി**

നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ പങ്ക് സുപ്രധാനമാണ്. നാം കണ്ടിട്ടില്ലാത്ത അനേകം പട്ടണങ്ങൾ ഈ ലോകത്തിലുണ്ട്. ചരിത്രത്തിൽ ജീവിച്ചിരുന്ന ചരിത്രകാരന്മാരെ നാം കണ്ടിട്ടില്ല. എന്നാൽ ഈ പട്ടണ

ങ്ങളെക്കുറിച്ചും ചരിത്രകാരന്മാരെക്കുറിച്ചും നാം വായിക്കുന്നുണ്ട്. ചരിത്രം കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. ലണ്ടൻ നഗരത്തിന്റെ ചിത്രം വിശ്വാസത്താൽ നമ്മുടെ മനസ്സിൽ ഉണ്ട്. ആ നഗരം അവിടെ ഉണ്ടെന്ന് നാം തറപ്പിച്ചു പറയുന്നു. കാരണം അതിനെക്കുറിച്ചു നൽകുന്ന സാക്ഷ്യം നാം വിശ്വസിക്കുന്നു. അമേരിക്കയിലെ ആദ്യത്തെ പ്രസിഡന്റ് ജോർജ്ജ് വാഷിങ്ടണിനെയും ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിനെയും കാണാത്തവർ അനേകരുണ്ട്. എങ്കിലും അവർ ജീവിച്ചിരുന്നവർ ആയിരുന്നു.

ചരിത്രം അങ്ങനെ പറയുന്നു എന്നതാണ് വാസ്തവം. അതുപോലെ സത്യമാണ് യേശുക്രിസ്തുവും സ്വർഗ്ഗീയ പിതാവും. വിശ്വാസത്താൽ ആ വസ്തുക്കൾ സ്വീകരിക്കാം. ''വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു'' (എബ്രായർ 11:1). യേശു തന്നെയാണ് ക്രിസ്തു എന്ന് വിശ്വാസത്താൽ നാം തീർച്ചപ്പെടുത്തുന്നു. തെളിവുകൾ ധാരാളമുണ്ട്. അന്ധമായ വിശ്വാസമല്ല ഇവിടെ പറയുന്നത്; യേശു പഠിപ്പിച്ചതെല്ലാം സത്യമാണെന്ന് നാം വിശ്വസിക്കുന്നു. കാരണം അതെല്ലാം പരമാർത്ഥമാണ്. നാം പ്രത്യാശിക്കുന്ന സ്വർഗ്ഗവും യാഥാർത്ഥ്യമാണ്. കാരണം ഉറപ്പു നൽകിയിരിക്കുന്നത് ക്രിസ്തുവാണ്. പ്രത്യാശിയിൽ നമുക്ക് സന്തോഷിക്കുകയും ചെയ്യാം (റോമർ 5:2).

## വിശ്വാസം ചിത്രീകരിച്ചിരിക്കുന്നു

എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ വിശ്വാസത്തെ ചിത്രീകരിച്ചിട്ടുണ്ട്. വിശ്വാസം നിമിത്തം ഹാബേൽ ദൈവത്തിന് സ്വീകാര്യമായ യാഗം അർപ്പിച്ചു. കയ്യീന്റെ വഴിപാട് ദൈവം സ്വീകരിക്കാതിരിക്കാൻ കാരണം അവൻ വിശ്വാസത്താലല്ല അർപ്പിച്ചത്. വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ (റോമർ 14:23).

ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യാതിരിക്കാനും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിനും നമ്മെ ഉത്തേജിപ്പിക്കുന്നതാണ് വിശ്വാസം. ദൈവത്തിന്റെ അരുളപ്പാടിൽ വിശ്വാസമില്ലായിരുന്നുവെങ്കിൽ നോഹ ഒരിക്കലും ഒരു പെട്ടകം ഉണ്ടാക്കുമായിരുന്നില്ല. അന്നു വരെ കണ്ടിട്ടില്ലാത്ത കാര്യമാണ് അവൻ ചെയ്തത്. ജല പ്രളയത്തിന്റെ ഒരു സൂചന പോലും അവൻ കണ്ടിരുന്നില്ല. എങ്കിലും ദൈവമാണ് ജല പ്രളയം വരുന്നു എന്ന് പറ

ഞ്ഞത്. അതു കൊണ്ട് അങ്ങനെ സംഭവിക്കും എന്ന് അവൻ തീർച്ചയായിരുന്നു. നോഹയുടെ ചിന്തയാൽ അങ്ങനെ ഒരു പെട്ടകം ഉണ്ടാക്കി തന്റെ കുടുംബത്തെ രക്ഷിക്കുവാൻ പദ്ധതി ഒരുക്കമായിരുന്നില്ല. നോഹ ദൈവത്തിൽ വിശ്വസിച്ചതു കൊണ്ട് അവൻ പെട്ടകം ഉണ്ടാക്കി. ദൈവം കൽപിച്ചതൊക്കെയും അങ്ങനെ തന്നെ ചെയ്തു.

അബ്രഹാമിന്റെ ജീവിതം വിശ്വാസത്തിനു മാതൃകയാണ്. മാനുഷികമായ കാരണങ്ങൾ ഒന്നുമായിരുന്നില്ല അവനെ കല്ദയ വിട്ടുപോകാൻ ഇടയാക്കിയത്. സ്വന്തം മകനെ യാഗമർപ്പിക്കാൻ തയ്യാറായതിനും പിന്നിൽ യാതൊരു മാനുഷിക കാരണവും ഉണ്ടായിരുന്നില്ല. അതു കൊണ്ട് അവൻ വിശ്വാസികളുടെ പിതാവായി അറിയപ്പെടുന്നു. അബ്രഹാം അവസാനത്തോളം ദൈവത്തിൽ ആശ്രയിച്ചാണ് ജീവിച്ചത്.

ദൈവത്തെ പ്രസാദിപ്പിച്ചവരായി ബൈബിളിൽ പറഞ്ഞിരിക്കുന്നവർ എല്ലാം ദൈവത്തിൽ വിശ്വാസമുള്ള ജീവിതമാണ് നയിച്ചിരുന്നത്. മാനുഷിക കാരണങ്ങളോ ലോകജ്ഞാനമോ ഒന്നുമല്ല അവരെ വിശ്വാസത്തിന് പ്രേരിപ്പിച്ചത്. ആ വിശ്വാസമാണ് അവരെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കാരണമാക്കിയത്.

## വിശ്വാസത്തിന്റെ ഉറവിടം

പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള ദാനമാണ് വിശ്വാസം എന്നു പഠിപ്പിക്കുന്ന ധാരാളം മതപരമായ ആളുകളുണ്ട്. അവരെ രക്ഷിക്കുന്ന വിശ്വാസത്തിനായി അവർ കാത്തിരിക്കും. അങ്ങനെ ആണെങ്കിൽ സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടത് എന്തിനാണ് എന്ന ചോദ്യം വരുന്നു. ക്രിസ്തുവിന്റെ ഉപദേശം സകല ജാതികളെയും ഉപദേശിപ്പാനും കൽപിച്ചിരിക്കുകയാണ് എന്നോർക്കുക. ബൈബിൾ വളരെ വ്യക്തമായി തന്നെ പഠിപ്പിക്കുന്നത വിശ്വാസം ദൈവവചന കേൾവിയാൽ വരുന്നു എന്നാണ് (റോമർ 10:17). ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല (റോമർ 2:11 ; പ്രവൃത്തി 10:34-35).

ചില രാജ്യങ്ങളിൽ അന്യദൈവത്തെ വണങ്ങുന്ന അനേക ലക്ഷം ആളുകളുണ്ട്. അവിടെ വളരെ കുറച്ച് ക്രിസ്ത്യാനികളേ ഉള്ളൂ. ബൈബിൾ വളരെ കുറച്ചു മാത്രേ പഠിപ്പിക്കുന്നുള്ളൂ. മറ്റു മതപഠനങ്ങളാണ് കൂടുതലും. മതവിഭാഗങ്ങൾ വ്യത്യസ്തമായ വിശ്വാസ രീതികൾ പഠിപ്പിച്ച്

ആളുകളെ കലക്കിയിരിക്കുകയാണ്. പക്ഷേ തിരുവെഴുത്തിൽ ഒറ്റ വിശ്വാസം മാത്രമാണുള്ളത്. വിശ്വാസം നമ്മിൽ എല്ലാവരിലും വേണം. വിശ്വാസം നമ്മുടെ ഹൃദയത്തിലാണ് ഉണ്ടാകേണ്ടത്. മനുഷ്യരെ എങ്ങനെ രക്ഷിക്കുമെന്ന് പ്രവാചകൻ പ്രവചിച്ചിരുന്നു. എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്ന് പ്രവാചകപുസ്തകങ്ങളിൽ എഴുതി യിരിക്കുന്നുവല്ലോ (യോഹന്നാൻ 6:45). യേശു അത്ഭുതങ്ങൾ ചെയ്തത് ആളുകൾ അവൻ ദൈവപുത്രനാണെന്ന് വിശ്വസിക്കേണ്ടതിനായിരുന്നു (യോഹന്നാൻ 20:30-31).

## വിശ്വാസത്തിന്റെ പ്രാധാന്യം

വിശ്വാസം കൂടാതെ ദൈവത്തെ സേവിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ദൈവത്തെ തള്ളിക്കളയുന്നതാണ് ഏറ്റവും വലിയ പാപം. പാപം ആത്മാവിനെ നശിപ്പിക്കുന്നു. ദൈവത്തെ വിശ്വാസമില്ലാതെ ആർക്കും യഥാർത്ഥ ത്തിൽ മാനസാന്തരപ്പെടുവാൻ സാദ്ധ്യമല്ല. ദൈവത്തോട് അടുക്കുവാൻ ആഗ്രഹിക്കുന്ന ഒരാളുടെ തുടക്കമാണ് വിശ്വാസം (എബ്രായർ 11:6). വിശ്വസിക്കുന്നവർക്ക് ദൈവം പ്രതിഫലം കൊടുക്കും. ദൈവത്തെ അനുസരി ക്കുന്ന എല്ലാ പടികളിലും വിശ്വാസം വേണം. വിശ്വാസം കൂടാതെ ചെയ്യുന്ന ചെയ്യുന്നതെല്ലാം പാപമാണ് (റോമർ 14:23). ക്രിസ്ത്യാനിയായ ശേഷവും തുടർന്നുണ്ടാകേണ്ടതാണ് വിശ്വാസം. ലോകത്തെ ജയിക്കുവാൻ വിശ്വാസം ആവശ്യമാണ് (യോഹന്നാൻ 5:4). നമ്മുടെ വിശ്വാസമാണ് നമ്മുടെ ശക്തി. തിന്മയെ ത്യജിക്കുവാനും നന്മയെ പിൻപറ്റുവാനും വിശ്വാസം വേണം.

## വിശ്വാസത്തിൽ പരീക്ഷണം

അവരുടെ ഫലത്താൽ അവരെ തിരിച്ചറിയാം എന്നു കർത്താവ് പറഞ്ഞി ട്ടുണ്ട് (മത്തായി 7:16). പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർത്ഥമാണ്. ആത്മാവില്ലാത്ത ശരീരം നിർജ്ജീവമാണ് (യാക്കോബ് 2:20). അബ്രഹാം നീതി കരിക്കപ്പെട്ടതു വിശ്വാസത്താലായിരുന്നു. നാമും നീതികരിക്കപ്പെട്ടതു വിശ്വാസത്താലാണ് (റോമർ 5:1).

ലോകത്തിൽ ധാരാളം വിശ്വാസ രീതികൾ ഇന്നു കാണപ്പെടുന്നുണ്ട്. പലതും കാര്യ കാരണമില്ലാത്ത വ്യർത്ഥമായ വിശ്വാസമാണ് ചിലരുടെ വിശ്വാസം വെറും തോന്നൽ മാത്രമാണ്. വാസ്തവത്തിലുള്ള

വിശ്വാസം ഒരാളുടെ ഹൃദയത്തിലാണ് ഉണ്ടാകേണ്ടത്. അന്ധവിശ്വാസങ്ങൾ എല്ലാം തന്നെയും മനുഷ്യരുടെ ഒറ്റപ്പെട്ട അനുഭവത്തിൽ നിന്നോ, തോന്ന ലിൽ നിന്നോ ഉണ്ടായിട്ടുള്ളതാണ്. മതപരമായ വിശ്വാസം ഫലപ്രദമാ കണമെങ്കിൽ അത് പ്രായോഗികമാകണം. പ്രവൃത്തിയില്ലാത്ത വിശ്വാ സവും വിശ്വാസമില്ലാത്ത പ്രവൃത്തിയും നിഷ്ഫലമാണ്. ദൈവത്താൽ അംഗീകരിക്കപ്പെടുന്ന വിശ്വാസമാണ് എല്ലാവരിലും ഉണ്ടാകേണ്ടത്.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ വേണ്ട ഘടകങ്ങളിൽ ഒന്നാണ് വിശ്വാസം. ഇത് അടിച്ചേൽപിക്കേണ്ട ഒന്നല്ല; പൂർണ്ണമായ അറിവോടെ സ്വയം വളർത്തിയെടുക്കേണ്ട ഒന്നാണ്. ലൗകിക ജീവിതത്തിൽ വിശ്വാ സമില്ലാത്തവർ സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിട്ടു കൊണ്ടിരിക്കും. ശുഭാപ്തി വിശ്വാസം വേണമെന്ന് മനഃശാസ്ത്രജ്ഞന്മാർ പറയാൻ കാരണം മറ്റൊന്നുമല്ല. ദൈവത്തിൽ വിശ്വസിക്കുന്നതും മതത്തിൽ വിശ്വ സിക്കുന്നതും വ്യത്യസ്തമാണ്. മതം മനുഷ്യ സൃഷ്ടിയാണ്. മനുഷ്യരെ നാം വിശ്വസിക്കണം. പക്ഷേ ദൈവിക കാര്യങ്ങളിൽ വൈരുദ്ധ്യങ്ങൾ പഠിപ്പിക്കുന്നുവെങ്കിൽ വിശ്വസിക്കരുത്. സത്യമേ വിശ്വസിക്കാവൂ. സത്യം എന്നും സ്ഥിരമായിരിക്കും. ദൈവ വചനത്തിന് ഒരു നാളും മാറ്റം ഉണ്ടാ കുകയില്ല. ശരിയായി വിശ്വസിക്കുകയും ശരിയായി ദൈവത്തെ പിൻപ റ്റുകയും വേണം.

നിങ്ങൾ ദൈവം ആഗ്രഹിക്കുന്ന ഒരു വിശ്വാസി ആയിട്ടുണ്ടോ? ഇല്ലെങ്കിൽ തിരുവെഴുത്തു വായിച്ചു കേൾക്കുക, സത്യവചനം വിശ്വസി ക്കുക, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക. യേശു ദൈവപുത്രനെന്ന് വിശ്വസിച്ചു പാപമോചനത്തിനായി സ്നാനമേൽക്കുക. കർത്താവ് നിങ്ങ ളെ രക്ഷിച്ച് അവന്റെ സഭയിലേക്ക് ചേർക്കും.

✶

### സ്ത്രീകൾക്കു വേണ്ടി

# മനോഭാവം

## ബെറ്റി ബർട്ടൻ ചോട്ട്

മനോഭാവം നമ്മുടെ ജാവിതത്തെ മാറ്റുന്ന ഒരു ഭാഗത്തെ മുഴുവനായും നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞാൽ ദിവസങ്ങളെയും വർഷങ്ങളെയും വലിയ തോതിൽ നിയന്ത്രിക്കുവാൻ നമുക്ക് കഴിയും. നാം ജീവിതത്തിലെ വ്യത്യസ്തമായ സാഹചര്യങ്ങൾ ആവർത്തിച്ചു ആവർത്തിച്ചു നമ്മുടെ ഹൃദയങ്ങളിൽ ഓർപ്പിക്കുകയും ചെയ്യുന്ന എത്ര വലിയ സത്യമാണത്! രണ്ടു പേർ വനത്തിലൂടെ നടന്നു പോയ കാര്യം ബ്രൂക്സ് എന്നയാൾ പറയുന്നു. അവർ തിരിച്ചു വന്നപ്പോൾ അവരോടു കണ്ട കാര്യങ്ങളെ കുറിച്ചു ചോദിക്കുകയുണ്ടായി. ഒരാൾ കോട്ടുവായിട്ടു പറഞ്ഞു; ഞങ്ങൾ കണ്ടത് എന്താണെന്നോ? അധികമൊന്നും കണ്ടില്ല; മരങ്ങൾ, പുൽതകിടികൾ, പർവ്വതങ്ങൾ, ചോല വൃക്ഷ നിര, അരുവികൾ എന്നിവയാണെന്നു പറഞ്ഞു. നീലാകാശങ്ങൾ, മേഘങ്ങൾ, ഉണങ്ങിയ കുറേ ഇല, രണ്ടാമത്തെയാൾ അതിനോട് കൂട്ടിച്ചേർത്തു.

ക്രിസ്ത്യാനികൾ കാര്യങ്ങളെ വിലയിരുത്തുന്നത് വ്യത്യസ്തമായാണ്. കാരണം, ഓരോരുത്തരുടെയും മനോഭാവം വെവ്വേറെയാണ്. ഒരിക്കൽ ഇടവകയിൽ സാധാരണ പാട്ടു നയിക്കുന്നയാൾ മറ്റൊരു സ്ഥലത്തേക്കു പോയപ്പോൾ പകരം മറ്റൊരാൾ വേണ്ടി വന്നു. ജോർജ്ജ് തന്റെ സഹോദരി മേരിയോട് പറഞ്ഞു; ‘‘ദയവു ചെയ്ത് എന്നെ ശല്യപ്പെടുത്തരുത്. എനിക്ക് ഇന്ന് സഭയിൽ പാട്ടു നയിക്കേണ്ടതുണ്ട്. ഞാൻ അതിന് വേണ്ടി ഒരുങ്ങുകയാണ്. എനിക്കറിഞ്ഞു കൂടാ മറ്റാരെയെങ്കിലും അവർക്ക് കണ്ടെത്താമായിരുന്നില്ലേ’’ എന്ന് അവൻ ആത്മഗതത്തിൽ പിറുപിറുത്തു. ബോബ് എന്ന മറ്റൊരു സഹോദരൻ പറഞ്ഞു; ‘‘വരൂ നമുക്ക് ആരാധനയ്ക്കു വേണ്ടി പാട്ടു തിരഞ്ഞെടുക്കാം’’ . ടോമിന്റെ അസാന്നിദ്ധ്യത്തിൽ ഞാനാണത് ചെയ്യേണ്ടതെന്നും അയാൾ കൂട്ടിച്ചേർത്തു.

സണ്ടേ സ്കൂൾ കുട്ടികളെ പഠിപ്പിക്കുവാൻ ഒരദ്ധ്യാപകനെ ആവശ്യമുണ്ട്. ബാർബറയോട് പറഞ്ഞപ്പോൾ അവൾക്ക് വേറെ ക്ലാസുണ്ടെന്ന് പറഞ്ഞത് കേട്ട ജയിൻ സ്വന്തമായി പറഞ്ഞു; ‘‘എനിക്ക് കുട്ടികളെ പഠിപ്പി

ക്കുന്നത് വളരെ ഇഷ്ടമാണ്''. അവർ എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാണല്ലോ. പല രീതിയിൽ അത്തരം കുട്ടികളെ പഠിപ്പിക്കാം. ഉപദേഷ്ടാവ് രണ്ടാഴ്ച കാണുകയില്ല. അതു കൊണ്ട് പ്രസംഗിക്കുവാൻ ജോണിനോട് പറഞ്ഞപ്പോൾ അയാൾക്കത് ഒരു അധികഭാരമായി തോന്നി. പക്ഷേ ചാൾസ് മുന്നോട്ടു വന്ന് ''ഞാൻ ടോമിന് പകരം ഒന്നു പ്രസംഗിച്ചു നോക്കട്ടെ. ഇതു പറ്റിയ അവസരമാണ്. എനിക്കിത് വളരുവാനും പറ്റിയതാണ്. ദൈവം എനിക്ക് തന്ന ഈ അവസരം ഉപയോഗിച്ചാൽ ദൈവം എനിക്ക് വലിയ അവസരം തരും'' എന്നു പറഞ്ഞു.

ഹാൾ വൃത്തിയാക്കുന്നതിനും കരത്തൃമേശ വൃത്തിയാക്കി അതെല്ലാം ഒരുക്കി വയ്ക്കുന്നതിനും മറ്റും ആളുകളെ കണ്ടെത്തണം. ഞാൻ ഒരാൾ ഇതൊക്കെ എങ്ങനെ വൃത്തിയാക്കും എന്നോ എനിക്ക് അപ്പം ഉണ്ടാക്കുന്നതിനോ വീഞ്ഞ് ശരിയായി ഒഴിച്ചു വയ്ക്കുന്നതിനോ അറിഞ്ഞുകൂടാ എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുന്നവർ കാണും. പക്ഷേ ഒരു ജോലി കണ്ടറിഞ്ഞ് സ്വയം ഏറ്റെടുത്തു നടത്തുക എന്നതാണ് ദൈവസന്നിധിയിൽ പ്രശംസിക്കപ്പെടുന്നത്.

രോഗികളെ സന്ദർശിക്കാൻ ആവശ്യപ്പെടുമ്പോൾ എത്ര പേർ മുന്നോട്ടു വരും? അവരെ സന്ദർശിക്കുമ്പോൾ അവരെ എങ്ങനെ ആശ്വസിപ്പിക്കും? അവർക്കു വേണ്ടി എങ്ങനെ പ്രാർത്ഥിക്കും? ഹാളിൽ വരുന്നവരാണ് വൃത്തികേടാക്കുന്നത്. ആരാധനയ്ക്കിരിക്കേണ്ട സ്ഥലം വൃത്തിയും വെടിപ്പുമുള്ളതായിരിക്കണം. അതു പോലെ കർത്തൃമേശയും വളരെ ശുചിയായി വയ്ക്കണം. കൂടാതെ അപ്പം ഉണ്ടാക്കുന്നതും ഏറ്റവും നല്ല മാവു നോക്കി എടുത്തുകൊണ്ട് ഉടനെ അപ്പം ഉണഅടാക്കിയെടുക്കണം. അങ്ങനെ അതെല്ലാം അംഗങ്ങൾക്ക് വിതരണം ചെയ്യുമ്പോൾ അത് ദൈവ സന്നിധിയിൽ മഹത്വകരമായി തീരുന്നു.

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് പഠിച്ച ഒരാളുടെ വീട്ടിൽ പോയി ബൈബിൾ പഠിപ്പിക്കണം. അതിന് ആരുണ്ടെന്ന് ചോദിച്ചപ്പോൾ സാം സന്തോഷത്തോടെ സമ്മതിച്ചു. പുതിയ ആളുകളെ സന്ദർശിക്കുവാനും അവരോട് ദൈവ വചനം പങ്കിടുന്നതിനും ഇഷ്ടപ്പെടുന്ന ഒരാളാണ് സാം. ആത്മീയമായി സാമിന്റെ വളർച്ചയ്ക്ക് അതു കാരണമായി. മൂന്നു മാസത്തെ തുടർച്ചയായ പഠനം മൂലം ഒരു പുതിയ ദമ്പതികൾക്ക് സത്യം ബോധ്യമായി. അവർ പുതി നിയമ കൽപന അനുസരിക്കുവാൻ

തീരുമാനിച്ചു. അതു സാമിനും കുടുംബത്തിനും വളരെയേറെ സന്തോഷമായിത്തീർന്നു.

ഭവന സന്ദർശനം നടത്തിയിരുന്ന ഒരു ദമ്പതിമാർക്ക് തങ്ങൾ അതിൽ ക്ഷീണിതരാണെന്ന് തോന്നിയപ്പോൾ അവർക്ക് രോഗികളെ സന്ദർശിക്കുവാൻ അവസരം കൊടുത്തു. രോഗികളുടെ വിഷമങ്ങളും വേദനകളും കേൾക്കാൻ തുടങ്ങി. അങ്ങനെ അവരുടെ ക്ഷീണം അവർ അറിയാതെയായി. തന്നെയുമല്ല, ഈ ദമ്പതിമാരുടെ സാമീപ്യം രോഗികൾക്ക് ആശ്വാസമായി തീർന്നു. അതിലവർക്ക് ചാരിതാർത്ഥ്യമുണ്ടായി. അങ്ങനെ നിസാരമായ കാര്യങ്ങളിൽ പരാതിയും പരിഭവവും പറയുന്ന സ്വഭാവം നിർത്തി ക്രിയാത്മകമായി നാം എന്തെങ്കിലും ചെയ്യുമ്പോൾ നമ്മിലുള്ള നിഷേധ സ്വഭാവം നീങ്ങിപ്പോകും.

മോശ പറഞ്ഞു: ''ഇതാ, ഞാൻ ഇന്ന് അനുഗ്രഹവും ശാപവും നിങ്ങളുടെ മുന്നിൽ വയ്ക്കുന്നു. ഇന്ന് ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കൽപനകൾ നിങ്ങൾ അനുസരിക്കുന്നുവെങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കൽപനകൾ അനുസരിക്കാതെ ഇന്ന് ഞാൻ നിങ്ങളോട് കൽപിക്കുന്ന വഴിയേ വിട്ടു മാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യ ദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും'' (ആവർത്തനപുസ്തകം 11:26-27). കൽപനകൾ എല്ലാവർക്കും ഒരുപോലെയാണ് കൊടുത്തിട്ടുള്ളത്. പക്ഷേ, ചിലർക്കത് അനുഗ്രഹമായി തീരുന്നു. ദൈവം മുൻകൂട്ടി ചിലർക്ക് അനുഗ്രഹവും മറ്റു ചിലർക്ക് ശാപവും വെച്ചിട്ടില്ല. ഓരോരുത്തർക്കും ലഭിക്കുന്ന അവസരം ഉപയോഗിക്കുന്നതിന്റെ ഫലമായി ലഭിക്കുന്നതാണ് ഓരോന്നും.

അപ്പോസ്തോലനായ പൗലോസ് പറയുന്നത്: ''രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും ഞങ്ങൾ ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു. ഇവർക്കു മരണത്തിൽ നിന്നു മരണത്തിലേക്കുള്ള വാസന. അവർക്കോ ജീവനിൽ നിന്നു ജീവനിലേക്കുള്ള വാസന തന്നേ'' (2 കൊരിന്ത്യർ 2:15-16) എന്നത്രേ. ബൈബിളിലെ ദൈവിക സന്ദേശം ഇന്നും ഒന്നു തന്നെയാണ്. കേൾക്കുന്നവരുടെ പ്രതികരണം അുസരിച്ചാണ് അവർക്കു ഫലം ലഭിക്കുന്നത്. നമ്മുടെ മനോഭാവമാണ് നാം എന്തു ചെയ്യുന്നു എന്നു കാണിക്കുന്നത്. സ്വർഗ്ഗത്തിലേക്കു പോകുന്നതും നര

കത്തിലേക്കു പോകുന്നതും നാം തിരഞ്ഞെടുക്കുന്നതാണ്. ഓരേരുത്തരുടെയും മനോഭാവമാണ് അത് നിശ്ചയിച്ചിരിക്കുന്നത്.

✶

# സത്യസന്ധത നല്ല നയമാണോ?

ഡേവിഡ് വെയിഡ്

സത്യസന്ധതയെക്കുറിച്ച് കുട്ടികളെ ബാല്യത്തിൽ തന്നെ പഠിപ്പിച്ചിരുന്ന പഴയ കാലം ഓർമ്മ വരുന്നു. അതിനു വളരെ പ്രാധാന്യം കൊടുത്തിരുന്ന തലമുറ അതിന്റെ ഫലമായി ആശ്വാസം കൊണ്ടിരുന്നു. ഇന്നും നാം പരക്കെ പറഞ്ഞു കേൾക്കുന്ന ഒന്നാണ് സത്യസന്ധത. സത്യസന്ധത എന്നത് ഏറ്റവും നല്ല നയമാണെന്ന് എല്ലാവരും സമ്മതിക്കുകയും ചെയ്യും. പക്ഷേ, അത് എവിടെയോ ചോർന്നു പോകുന്നു. അല്ലെങ്കിൽ ഇത് കാര്യമാക്കാതിരിക്കാൻ പ്രേരണയുണ്ടാകുന്നു. സമൂഹത്തിൽ സംഭവിച്ചിരിക്കുന്ന സത്യസന്ധതയില്ലായ്മ എന്നതു നികത്തുവാൻ ക്രിസ്ത്യാനികളായി തീർന്നവർ ശ്രമിക്കണം. നാം സഹമനുഷ്യരുമായി ഇടപെട്ടാണ് ജീവിക്കുന്നത്. ഒരു ക്രിസ്ത്യാനിക്ക് സത്യസന്ധത ഒരു നയത്തെക്കാൾ വലുതാണ്. അത് ഒരു സ്വഭാവമായി മാറണം. ജീവിതത്തെ നയിക്കുന്ന ഒരു തത്വവും മാർഗ്ഗവുമായി തീരണം. നയങ്ങൾ സാഹചര്യങ്ങൾ അനുസരിച്ച് മാറാവുന്നതാണ്.

ആകയാൽ സത്യസന്ധത ദൈവിക തത്വമാണ്. സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായത് മുൻകരുതി കൊള്ളുവാൻ പൗലോസ് അപേക്ഷിക്കുന്നുണ്ട് (റോമർ 12:17). മനുഷ്യരുടെ മുൻപിൽ മാത്രമല്ല ദൈവത്തിന്റെ മുൻപിലും നാം സത്യസന്ധരായിരിക്കണം (2 കൊരിന്ത്യർ 8:21). നാം സത്യസന്ധമായി സ്വന്തം കാര്യം നോക്കി സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കുകയാണെങ്കിൽ നാം ഒന്നിനും കുറവില്ലാതിരിക്കും (1 തെസലോനിക്യർ 4:12).

സത്യസന്ധത നഷ്ടമാകുന്നത് അത്യാഗ്രഹത്തിന്റെ ഫലമായാണ് (കൊലോസ്യർ 3:5). എബ്രായ ലേഖകൻ മുന്നറിയിക്കുന്നത് : ‘‘നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ. ഉള്ളതു കൊണ്ടു തൃപ്തി

പ്പെടുവിൻ. ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുക യുമില്ല – എന്ന് അവൻ തന്നെ അരുളി ചെയ്തിരിക്കുന്നുവല്ലോ'' (എബ്രാ യർ 13:5) എന്നത്രേ. അടുത്ത സമയത്ത് മതപരമായ ഒരു പ്രസിദ്ധീക രണം – നിങ്ങൾ പ്രസംഗിക്കുന്നത് ശീലമാക്കുക എന്ന തലവാചകത്തോട് കൂടിയത് വായിക്കുകയുണ്ടായി. എത്ര പരമാർത്ഥമാണ് ! അതല്ലേ സത്യ സന്ധത? ഒരു തിങ്കളാഴ്ച കാലത്ത് ഒരുപദേഷ്ടാവ് സിറ്റി ബസിൽ കയറി ടിക്കറ്റ് എടുത്ത് പൈസ ചില്ലറയില്ലാത്തതു കൊണ്ട് പത്തു രൂപയുടെ നോട്ടാണ് കൊടുത്തത്. പക്ഷേ കണ്ടക്ടർ ബാക്കി കൊടുത്തപ്പോൾ വളരെ കൂടുതൽ പൈസ ഉള്ളതായി തോന്നി. അയാൾ സീറ്റിലിരുന്ന് വീണ്ടും വീണ്ടും എണ്ണി നോക്കി. അവസാനം കണ്ടക്ടറുടെ അടുക്കൽ ചെന്നു വിവരം പറഞ്ഞു. അപ്പോൾ കണ്ടക്ടർ പറഞ്ഞു: കഴിഞ്ഞ ഞായറാഴ്ച ഞാൻ ചർച്ച് ബിൽഡിങ്ങിൽ ഉണ്ടായിരുന്നു. നിങ്ങളുടെ ''മോഷ്ടിക്കരുത്'' എന്ന പ്രസംഗവും കേട്ടു. വാസതവത്തിൽ ഞാൻ നിങ്ങളെ പരീക്ഷിക്കു കയായിരുന്നു എന്നു പറഞ്ഞു. നിങ്ങൾ പ്രസംഗിക്കുന്നത് ജീവിതത്തിൽ പകർത്തുന്നുണ്ടോ എന്നറിയാൻ ചെയ്തതാണെന്നും കൂട്ടിച്ചേർത്തു.

നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സത്യസന്ധത ആവശ്യമാണ്. നിങ്ങളുടെ പങ്കാളിയോട് സത്യസന്ധത പുലർത്തണം. ഇല്ലെങ്കിൽ സ്വസ്ഥത നഷ്ടമാകും. നിങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്തു സത്യസന്ധതയോടെ ജോലി ചെയ്യണം. വ്യവസായമാണ് നടത്തുന്നതെ ങ്കിൽ അത് സത്യസന്ധമായി ചെയ്യണം. നിങ്ങളുടെ സ്നേഹിതന്മാരോട് നിങ്ങൾ സത്യസന്ധരായിരിക്കണം. ശത്രുക്കളോടു പോലും സത്യസ ന്ധതയോടെ പെരുമാറണം. അപരിചിതരോടും പരിചിതരോടും അങ്ങനെ തന്നെ ആയിരിക്കണം. എല്ലാവരും ദൈവവും നോക്കുന്നത് സത്യസന്ധ മായ കാലയളവാണ്. സത്യസന്ധമായ ദൈവത്തിന്റെ ശക്തമായ വചനം നമ്മെ പ്രബോധിപ്പിക്കുന്നത് ക്രിസുവിലായി തീർന്നവർ കാണിക്കേണ്ട മാതൃക സത്യസന്ധതയാണ്. നാം സത്യസന്ധരായില്ലെങ്കിൽ ഈ ലോകത്ത് മറ്റാർക്ക് സത്യസന്ധരായി ജീവിക്കാൻ കഴിയും? ദൈവത്തെ ഭയന്നു ജീവിക്കുന്നവർ സത്യസന്ധതയ്ക്കു വിട്ടുവീഴ്ച ചെയ്യുകയില്ല. അപ്പോസ്തോലന്മാരും ആദിമ ക്രിസ്ത്യാനികളും ജീവിച്ചതു സത്യസ ന്ധമായിട്ടായിരുന്നു. നാമിന്നു ജീവിക്കേണ്ടതും അപ്രകാരം തന്നെയാണ്.

★

# ശലോമോന്റെ തിരഞ്ഞെടുപ്പ്

**പിയേഴ്സ് ബ്രൗൺ**

ശലോമോന്റെ തിരഞ്ഞെടുക്കപ്പെട്ട ദൈവ ശ്വാസീയവും ഉത്തേജന പ്രദവുമാണ്. നമ്മുടെ ആഴമേറിയ പഠനത്തിന് സഹായകരമായത് 1 രാജാക്കന്മാർ 3:1–16 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശലോമോൻ ന്യൂനതകളും അയോഗ്യതകളും മനസ്സിലാക്കി ദൈവത്തിന് യാഗവും വഴിപാടും കഴിച്ചിരുന്ന ഒരു സമയം ഉണ്ടായിരുന്നു. അത് യേശുക്രിസ്തുവിന്റെ പ്രസ്താവനയെ ദ്യോദിപ്പിക്കുന്നതാണ്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ" (മത്തായി 5:3). ശരിയായ തിരഞ്ഞെടുപ്പ് ശരിയായ സമയത്ത് എടുക്കുക എന്നതിന്റെ പ്രാധാന്യം നമ്മുടെ ധാരണാശക്തിക്കപ്പുറമാണ്.

നാം നേരിടുന്ന ഓരോ സാഹചര്യവും അവസരവും സാധാരണ ഒരു തിരഞ്ഞെടുപ്പോ തീരുമാനമോ ആവശ്യപ്പെടുന്നുണ്ട്. അപ്രധാന കാര്യങ്ങളിൽ പോലും ധാരാളം തിരഞ്ഞെടുപ്പ് ഉൾപ്പെട്ടിരിക്കാം. ഉദ്ദാഹരണമായി നിങ്ങളുടെ ഒരു സ്നേഹിതൻ നമുക്ക് പുറത്തു പോയി ഭക്ഷണം കഴിക്കാം എന്നു പറയുന്നു എന്നിരിക്കട്ടെ. പോകണോ വേണ്ടയോ എന്നതാണ് ആദ്യം നിങ്ങൾ തിരഞ്ഞെടുക്കേണ്ടത്. പിന്നീട് പോകേണ്ട സമയം, സ്ഥലം എങ്ങനെ പലതും തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്.

തെരഞ്ഞെടുപ്പ് വലുതായാലും ചെറുതായാലും അതു നിങ്ങളുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. തെരഞ്ഞെടുക്കുന്ന രീതിയും അതിന്റെ അടിസ്ഥാനവും എന്താസ്പദമാക്കിയാണെന്ന് വ്യക്തമാക്കുന്നത് അയാളുടെ സ്വഭാവത്തെയാണ്. മൊത്തത്തിൽ നമ്മുടെ തെരഞ്ഞെടുപ്പ് ജീവിത ദിശയെ ചൂണ്ടിക്കാണിക്കുന്നു. യൂറോപ്പിൽ ഒരു സ്ഥലത്തു നിന്നും തടിക്കഷണം എടുത്തു അരുവിയിലേക്കെറിഞ്ഞാൽ അത് നദിയിലേക്കും വേറൊന്നിലേക്കെറിഞ്ഞാൽ മറ്റൊരു നദിയിലേക്കുമാണ് എത്തിച്ചേരുന്നത്. ആരഭത്തിൽ അവ അടുത്തടുത്താണ്. പക്ഷേ, പിന്നീട് അവയുടെ ദിശ അനേക മൈലുകൾ അകന്നു പോകുന്നു. ഇതു പറഞ്ഞു കേട്ടിട്ടുള്ളതുമാണ്. അത് വാസ്തവമാണെങ്കിലും അല്ലെങ്കിലും നമ്മുടെ തിരഞ്ഞെടുപ്പു തീരുമാനം നാം എവിടെ എത്തിച്ചേരുമെന്ന് തെളിയിക്കുന്നു.

നമ്മുടെ ജീവിതത്തിൽ തെരഞ്ഞെടുക്കുന്നതു നാം വളരെ ശ്രദ്ധയോടെ ആയിരിക്കണം.

ദൈവ നിർദ്ദേശം അനുസരിച്ച് മനുഷ്യനെ സേവിക്കാൻ തെരഞ്ഞെടുക്കുന്ന കാര്യമാണ് ഏറ്റവും വലിയ തെരഞ്ഞെടുപ്പ്. അടിസ്ഥാനപരമായി മുഖ്യമായതാണ് യോശുവ ആവശ്യപ്പെടുന്ന സേവനം. "നിങ്ങൾ ആരെ സേവിക്കും എന്ന് ഇന്ന് തിരഞ്ഞെടുത്തു കൊൾക. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15). ഇതിൽ അടങ്ങിയിരിക്കുന്ന തത്വം ഓർമ്മിക്കുക. പ്രധാനപ്പെട്ട തിരഞ്ഞെടുപ്പ് ശരിയായ സമ്പത്ത് എടുക്കാൻ കഴിഞ്ഞാൽ മറ്റു ചെറിയ തെരഞ്ഞെടുപ്പുകൾ പിന്നീട് വരുന്ന ഏതും നിഷ്പ്രയാസമായി വരുന്നതിന്റെ കാരണം ദൈവം വിവേക ബുദ്ധി തരും എന്നതു കൊണ്ടാണ്.

ദൈവം ശലോമോനോട് ആവശ്യമുള്ളത് ചോദിക്കാൻ പറഞ്ഞു. വിലപിടിപ്പുള്ള എന്തു തെരഞ്ഞെടുക്കുന്നതിന്റെ പിന്നിലും ഒരു തത്വമുണ്ട്. ആദ്യം നാം ശരിയായ താൽപര്യം ജനിപ്പിക്കണം. ബോധപൂർവ്വം ധൈര്യത്തോടെ അതു പിന്നെ തിരഞ്ഞെടുക്കണം. മൂന്നാമതായി ആ തെരഞ്ഞെടുപ്പ് പ്രാവർത്തികമാക്കണം. താൽപര്യം ഉണ്ടാകുക എന്നതും അത് തിരഞ്ഞെടുത്ത് നേട്ടം കൈവരിക്കുക എന്നതും തമ്മിലുള്ള പ്രധാന വ്യത്യാസം നാം അറിഞ്ഞിരിക്കണം. ആരോഗ്യം സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന ആൾ വ്യായാമം തെരഞ്ഞെടുക്കും, മതിമായ ഭക്ഷണം കഴിക്കും, സ്വയ നിയന്ത്രണം എന്നിവ പാലിക്കും. ഒരാൾ കലാകാരൻ ആകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, നീന്തൽക്കാരൻ, പൈലറ്റ്, ക്രിക്കറ്റ് കളിക്കാരൻ, സുവിശേഷകൻ എന്നിങ്ങനെ പലതും ആകാൻ ആഗ്രഹിക്കുന്നു. പഠനം നടത്തുക എന്നതും പരിശീലനം നടത്തുക എന്നതും രണ്ടും രണ്ടാണ്.

ശലോമോൻ ജ്ഞാനവും വിവേകവുമാണ് ദൈവത്തോട് ആവശ്യപ്പെട്ടത്. ദൈവ വാഗ്ദാനങ്ങളും ശക്തിയും ഉൾപ്പെടുന്ന പ്രയോജനപ്പെടുന്ന വചനത്തെ വളരെ കുറച്ചു പേർ മാത്രമേ തിരഞ്ഞെടുക്കുന്നുള്ളൂ (2 പത്രോസ് 1:3-4). നമ്മുടെ ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും ദാനം ചെയ്തിരിക്കുകയാണ്. നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാണെങ്കിൽ ഔഗാര്യമായി തരുവാൻ കഴിയുന്ന ദൈവത്തോട് യാചിക്കട്ടെ എന്ന് യാക്കോബ് പറഞ്ഞിരിക്കുന്നു (യാക്കോബ് 1:5). എല്ലാറ്റിലും എല്ലാം

നിറച്ചു തരാമെന്ന വാഗ്ദാനം നമ്മിൽ പലർക്കും ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം (2 കൊരിന്ത്യർ 9:8-11).

തെരഞ്ഞെടുക്കുവാനുള്ള അവസരം ലഭിച്ചാൽ മാത്രം പോരാ, നാം പിൻപറ്റേണ്ടത് പിൻപറ്റുക തന്നെ വേണം. ആ ലക്ഷ്യം കൈവരിക്കാൻ നാം പ്രവർത്തിക്കണം. ശലോമോന് നന്മയും തിന്മയും വിവേചിച്ചറിയേണ്ടതുണ്ട്. ‘‘നിങ്ങൾ യാചിക്കായ്ക കൊണ്ട് ലഭിക്കുന്നില്ല എന്നാണ് യാക്കോബ് പറഞ്ഞത്’’(യാക്കോബ് 4:2). ചോദിക്കുന്ന ചോദ്യങ്ങൾ എന്തിനാണെന്ന് മനസ്സിലാക്കി ചോദിക്കണം. അപ്പോൾ ദൈവം അതു തരും. ദൈവഹിത പ്രകാരം ചോദിച്ചാൽ ലഭിക്കും. കാരണം നമ്മുടെ അറിവിനേക്കാൾ ദൈവത്തിന്റെ അറിവാണ് നമുക്ക് ഗുണം ചെയ്യുക.

ശലോമോന്റെ തെരഞ്ഞെടുപ്പിൽ ദൈവം പ്രസാദിച്ചു. കാരണം അത് അവന്റെ താഴ്മയെ സൂചിപ്പിക്കുന്നു. നിങ്ങളുടെ ഭോഗത്തിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിച്ചതു കൊണ്ട് ഒന്നും കിട്ടുകയില്ല എന്നാണ് യാക്കോബ് പറഞ്ഞത് (യാക്കോബ് 4:3). ജനത്തിന്റെ നന്മയ്ക്കും ആദരവിനും അതുദൈവനാമ മഹത്വത്തിനും കാരണമായി തീർന്നു. നമ്മുടെ ലക്ഷ്യത്തിൽ ഇതെല്ലാം അടങ്ങുന്നു എങ്കിൽ നാം ചോദിക്കുന്നതിനും നിനയ്ക്കുന്നതിനും അധികം ലഭിക്കും എന്നത് സംശയഹിതം തന്നെ.

ശലോമോൻ ദ്രവ്യമോ ശക്തിയോ ചോദിക്കാതെ ജ്ഞാനവും വിവേകവും ചോദിച്ചതു കൊണ്ട് അവൻ വിചാരിച്ചതിനപ്പുറം ദൈവം അവനു നൽകി (വാക്യം 12ഉം 13ഉം). മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ ; അതോടു കൂടെ ഇതൊക്കെയും ലഭിക്കും എന്നാണ് യേശുക്രിസ്തു പറഞ്ഞത് (മത്തായി 6:33). ‘‘നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും വസിച്ചു കൊണ്ടു എന്തപേക്ഷിച്ചാലും അത് നിങ്ങൾക്ക് കിട്ടും’’ (യോഹന്നാൻ 16:7). അവന്റെ ഇഷ്ടം ചെയ്യുക എന്നതായിരിക്കണം നമ്മുടെ ഇഷ്ടം.

✶

# തീർച്ച

**R. W ഗ്രേ**

താൻ വിശ്വസിച്ച ദൈവത്തെക്കുറിച്ച് പൗലോസിന്റെ മനസ്സിൽ അറിവുണ്ടായിരുന്നു. താൻ അറിഞ്ഞ ദൈവത്തിലാണ് തന്റെ ആശ്രയം സമർപ്പിച്ചിരിക്കുന്നതെന്ന് പൗലോസിന് നല്ല ബോധ്യമുണ്ടായിരുന്നു (2 തിമൊഥെയോസ് 1:12). ആ ഒരു തീർച്ച അവനിൽ ക്രിസ്തു ഉറപ്പിച്ചു, ഉത്തേജിപ്പിച്ചു, ഒരു മനുഷ്യനായി നല്ല പോർ പൊരുതുവാനും ഓട്ടം തികയ്ക്കുവാനും, വിശ്വാസം കാക്കുവാനും ഇടയാക്കി (2 തിമൊഥെയോസ് 4:1–6).

പിൻവാങ്ങൽ, പിൻമാറ്റം, വിശ്വാസ ത്യാഗം എന്നീ വാക്കുകൾ മതപരമായ രേഖകളിൽ വായിക്കുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. കാലം മാറി കൊണ്ടിരിക്കുമ്പോഴും ആളുകളുടെ ഇത്തരം മനോഭാവത്തിന് മാറ്റമുണ്ടാകുന്നില്ല. സ്വാതന്ത്ര്യത്തിന് മുറവിളി കൂട്ടുന്നത് അവരുടെ വിശ്വാസത്തിൽ നേരിടുന്ന വലിയ വെല്ലുവിളി ആണെന്ന് ഒരാൾ എഴുതി കാണപ്പെട്ടു. ആളുകൾ അത്തരം ചിന്താഗതികളിൽ തിരിഞ്ഞു പോകുമോ എന്ന ഭയമാണ് അയാൾ പ്രകടിപ്പിച്ചത്. സ്വാതന്ത്ര്യ ചിന്തയുടെ പേരിൽ ആളുകളെ സത്യത്തിൽ നിന്നും വ്യതിചലിപ്പിക്കുമോ എന്ന് ആ വ്യക്തി സംശയിക്കുന്നു. വിശ്വാസ ത്യാഗത്തിന്റെ ലക്ഷണങ്ങൾ ദൃശ്യമായപ്പോൾ അപ്പോസ്തോലന്മാർ മുന്നറിയിച്ച അതേ ഗൗരവത്തോടും ഉദ്ദേശശുദ്ധിയോടും കൂടെയാണ് അദ്ദേഹം മുന്നറിയിച്ചത്. നമുക്കറിയാം വിശ്വാസത്തിൽ ബലഹീനരാണ് ഇത്തരം സന്ദർഭങ്ങളിൽ ഇളകുന്നത്.

നമ്മുടെ വിശ്വാസം പൊള്ളയാണെങ്കിൽ നമ്മെ വീഴ്ത്തുവാൻ ഇത്തരം ശക്തികൾക്കു കഴിയും. കാറ്റു വരുമ്പോൾ മേഘം ഓടുന്നു. ഓടകൾ ഉലയുന്നു. കാരണം കാറ്റിനോട് എതിർത്തു നിൽക്കുവാൻ ശക്തിയില്ല. കടലിൽ ഭൂകമ്പം ഉണ്ടായപ്പോൾ ജലം കരയിലേക്ക് പാഞ്ഞു കയറി, കരയിലുണ്ടായിരുന്ന ദുർബ്ബല ഭവനങ്ങളെയും അതിനോടടുത്തുണ്ടായിരുന്ന ജനങ്ങളെയും കടൽ കൊണ്ടു പോയി. എന്നാൽ അതിനടുത്തുള്ള ഉറപ്പുള്ള, അടിസ്ഥാനമുള്ള വീടുകൾക്കു ഒരു കുഴപ്പവും സംഭവിച്ചില്ല.

ആദാം മുതൽ മോശെ വരെയും മോശെ മുതൽ യോഹന്നാൻ സ്നാപകൻ വരെയും നാം പരിശോധിച്ചാൽ ചരിത്രം വ്യക്തമാക്കുന്ന വസ്തുത ഇതു തന്നെയാണ്. പല കാരണങ്ങൾ കൊണ്ട് ദൈവത്തിൽ നിന്ന് അകന്നു പോയിട്ടുണ്ട്. ദൈവത്തിന്റെ ഹിതത്തിൽ നിന്ന് ആളുകളെ മാറ്റുന്നതിന് പിശാച് പല സൂത്രങ്ങൾ മെനഞ്ഞ് ആളുകളെ ആകർഷിക്കും. ഫലമോ നാശമായിരിക്കും. ഇസ്രായേൽ ജനത്തെ ദൈവം എല്ലാ രീതിയിലും സഹായിക്കുകയും പരിപാലിക്കുകയും ചെയ്തിരുന്നു എങ്കിലും അവരെക്കുറിച്ച് തിരുവെഴുത്ത് പറയുന്നതു "അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനത്തിലേക്ക് ഞാൻ ഇടവിടാതെ കൈ നീട്ടി" (റോമർ 10:21).

തെറ്റായ പാതയിലേക്ക് നാം ഒരിക്കലും പോകരുത്. കർത്താവ് നമുക്ക് വിലയേറിയ സത്യപാതകൾ കാണിച്ചു തന്നിട്ടുണ്ട്. നാമതിൽ തൃപ്തരായിരിക്കണം. ദൈവത്തിന്റെ ക്ഷമയെ പരീക്ഷിച്ചു കൊണ്ടിരുന്ന ഇസ്രായേൽ ജനത്തെ വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കുവാൻ യോശുവ അവരോട് പറഞ്ഞു. "നിങ്ങൾ ആരെ സേവിക്കുന്നു എന്നു തിരഞ്ഞെടുത്തു കൊൾവീൻ" (യോശുവ 24:15). നാം ദൈവത്തിൽ വിശ്വസ്തരായിരിക്കണം; ഒഴുകി പോകരുത, വിശ്വാസകപ്പൽ മുങ്ങിപ്പോകരുത് എന്നെല്ലാം ബൈബിളിൽ ഉടനീളം മുന്നറിയിക്കുന്നുണ്ട്. "ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12).

നമ്മുടെ സ്നേഹം ലോകത്തിലുള്ളതിനോടോ ലോകത്തോടോ ആയിരിക്കരുത്. ലോക സ്നേഹം ദൈവത്തോട് ശത്രുതയാകുന്നു. നമ്മെ തെറ്റിക്കുവാൻ ആകർഷിക്കുന്നതെന്തായാലും അവ വേണ്ടെന്നു വയ്ക്കാനുള്ള ധൈര്യം ആർജ്ജിച്ചെടുക്കണം. രോഗം വരാനിടയുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. ചില ഭക്ഷണ പദാർത്ഥങ്ങൾ അമിതമായി കഴിച്ചാൽ രോഗമുണ്ടാകും. ചില രോഗികളുമായി സമ്പർക്കം പുലർത്തിയാൽ രോഗിയായി തീരും എന്നറിയാത്തവർ ചുരുക്കമല്ലേ? നമ്മുടെ മനസ്സിനെ ഏകാഗ്രതയിൽ നിന്നു വലിച്ചിഴയ്ക്കാൻ നാം ആരെയും അനുവദിക്കരുത്. "സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയാൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ. നീയും പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ സൂക്ഷിച്ചുകൊൾവീൻ" (ഗലാത്യർ 6:1).

ഏതൊരു യുദ്ധത്തിലും നിങ്ങൾ എന്തിനു വേണ്ടിയാണ് പോരാടുന്നതെന്ന് സൈന്യത്തിന് പൂർണ്ണ ബോദ്ധ്യം ഉണ്ടാകണം. തന്നെയുമല്ല ജയിക്കേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കിയിരിക്കണം. ഓരോരുത്തനും താന്താന്റെ സ്ഥാനം അറിഞ്ഞിരിക്കണം. സൈന്യം മുമ്പോട്ട് ചലിക്കുന്നതിന് മുൻപ് കഴിയുന്ന എല്ലാ മുൻകരുതലോടും കൂടെയാണ് പോകേണ്ടത്. അവരിൽ ആരെങ്കിലും സംശയത്തോടെയോ ഭയത്തോടെയോ ആണ് പോകുന്നതെങ്കിൽ പരാജയം ഉറപ്പാണ്. ഉരുക്കു കവചം കൊണ്ടു നീങ്ങുന്ന പടയാളിയെ പോലെ ആത്മീയരായ നാം നീതി എന്ന കവചം ധരിച്ചു ദുഷ്ടാത്മ ശക്തികളോട് പോരാടണം.

✶

# യേശുവും സഭയും

## വിൽഫ്രെഡ് ക്ലാർക്ക്

ചില ആളുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ മറ്റു ചില കാര്യങ്ങൾ കൂടെ അതിനോടു ചേർന്നു നിങ്ങൾ ചിന്തിക്കും. നോഹയെ കുറിച്ച് ചിന്തിക്കുമ്പോൾ, പെട്ടകത്തെക്കുറിച്ച് ചിന്തിക്കും, യേശുവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ സഭയെക്കുറിച്ചും ചിന്തിക്കണം. യേശുവിന്റെ മനസ്സിൽ നിറഞ്ഞു നിന്ന ഒരു വിഷയമായിരുന്നു സഭ എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവൻ അത് സംസാരിക്കുകയുണ്ടായി (മത്തായി 16:16–19). അവൻ സഭയെ അർത്ഥമാക്കിയതെന്താണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സഭയ്ക്കു വേണ്ടിയുള്ള അവന്റെ കരുതൽ എത്ര മാത്രം ഉണ്ടായിരുന്നു എന്നു നാം നോക്കേണ്ടിയിരിക്കുന്നു. അവനു സഭയുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വാക്യങ്ങൾ നോക്കിയാൽ അത് ബോധ്യമാകും.

1. അവൻ കൊടുത്ത വില നോക്കുക

ഒരു വസ്തുവിനെക്കുറിച്ച് ആളുകൾ എന്തു വിചാരിക്കുന്നു എന്നു അവർ അതിനു കൊടുക്കുന്ന വില നോക്കി മനസ്സിലാക്കാവുന്നതാണ്. അത് വിലമതിക്കുന്നതായി അവർ പരിഗണിക്കുമ്പോൾ അതിനുള്ള ചെലവ് ഒരു പ്രശ്നമായി അവർ കാണുന്നില്ല. വിലമതിക്കാവുന്ന ഒന്നാണെങ്കിൽ

അത് വാങ്ങുവാൻ അവർ എന്തും ചെയ്തേക്കാം. അത് സ്വായത്തമാക്കുവാൻ എന്തു ത്യാഗവും ചിലപ്പോൾ സഹിച്ചെന്നു വരും.

യേശു തന്റെ സഭയ്ക്കു നൽകിയ വില എന്താണെന്ന് ഇത് വ്യക്തമാക്കുന്നു. പൗലോസിന് പറയുവാനുള്ളത് എന്താണെന്ന് ശ്രദ്ധിക്കുക; ക്രിസ്തു സഭയെ സ്നേഹിച്ചത് തന്നെത്താൻ അവൾക്ക് ഏൽപിച്ചു കൊടുത്തു കൊണ്ടാണ് (എഫെസ്യർ 5:25-27). ''പിന്നീട് അവൻ എഫെസ്യയിലെ മൂപ്പന്മാരോട് പറഞ്ഞത്: ഞാൻ സ്വന്ത രക്തം കൊണ്ട് സമ്പാദിച്ച സഭ....എന്നാണ്''(പ്രവൃത്തി 20:28). അവൻ കൊടുത്ത വില അപര്യാപ്തമെന്നോ രണ്ടാമതുണ്ടായ ചിന്തയെന്നോ ആരും പറയുകയില്ല. കാരണം യേശു സഭയ്ക്കായി നിശ്ചയിച്ചത് ശക്തമായ ഒന്നായിരുന്നു. തനിക്കുള്ളതെല്ലാം അവൻ അതിന് വിലയായി നൽകി.

സഭയെ സംബന്ധിച്ച കർത്താവിന്റെ വിലയെ കുറിച്ച് നമുക്ക് യാതൊരു സംശയവും വേണ്ട. തന്റെ ശരീരവും രക്തവും അതിനെ വിലയ്ക്കെടുക്കാൻ അവൻ നൽകി. നാം അതിനെ ബഹുമാനത്തോടെ അംഗീകരിക്കണം. സഭയുടെ വിലയെ അഗണ്യമായി കാണരുത്, മറ്റൊരു വിധത്തിൽ നാം ചിന്തിക്കുകയുമരുത്.

2. അതിനു വേണ്ടിയുള്ള അവന്റെ പ്രാർത്ഥന ശ്രദ്ധിക്കുക

ആ വലിയ പ്രാർത്ഥന നിങ്ങൾക്ക് കിട്ടുന്ന സമയം എടുത്തു വായിക്കുക. അതു യോഹന്നാൻ 17-ാം അദ്ധ്യായത്തിലാണ്. സഭയ്ക്കു വേണ്ടിയുള്ള കർത്താവിന്റെ ചിന്തയും സഭയെ സംബന്ധിച്ച ആശയവും നമുക്ക് കണ്ടെത്താൻ കഴിയും. അവന്റെ അപ്പോസ്തോലന്മാർക്ക് പ്രമുഖസ്ഥാനം ഉണ്ടായിരുന്നു. വാക്യങ്ങൾ പരിശോധിച്ചാൽ അത് ബോധ്യമാകും.

അവർ വിശുദ്ധീകരിക്കപ്പെടുവാൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ''അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തു കൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്''(യോഹന്നാൻ 17:15). ഇവർ ഭൂമിയുടെ ഉപ്പാകുന്നു എന്ന് യേശുവിന് അറിയാമായിരുന്നു. അവരെ വിശുദ്ധിയും നിർമ്മലതയും ഉള്ളവരായി സൂക്ഷിക്കണമായിരുന്നു. ഭിന്നത മൂലം ലോകം അവിശ്വാസത്തിലാകും എന്നും അവനറിയാമായിരുന്നു ഭിന്നതയ്ക്കു വേണ്ടി നാം കൂടുതൽ വില കൊടുക്കേണ്ടി വരും. യേശു സഭയ്ക്കു

വേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല ചെയ്തത് എന്നോർക്കുക. നമ്മോടും അത് ചെയ്യുവാൻ പറയുന്നുണ്ട് (മത്തായി 6:9-13).

3. അവന് അതിനു വേണ്ടി ഉണ്ടായിരുന്ന പദ്ധതികൾ നോക്കുക

യേശു ഇവിടെ വന്നപ്പോൾ സഭയ്ക്കു വേണ്ട പദ്ധതികൾ തയ്യാറാക്കിയിരുന്നു എന്നതു സംശയരഹിതമാണ്. അത് ഒരു പുനർചിന്തയായിരുന്നില്ല. യഹൂദന്മാർ അവനെ മശിഹ എന്ന് ഗണ്യമാക്കാതെ തള്ളിക്കളഞ്ഞതുകൊണ്ടുമായിരുന്നില്ല. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ അവൻ ചെയ്തതെല്ലാം കാണാം. "ദൈവ രാജ്യം ആസന്നമായിരിക്കുന്നു എന്ന് എല്ലാവരും അറിയാൻ അവൻ ആഗ്രഹിച്ചിരുന്നു" (മത്തായി 4:17). അവൻ സഭയെക്കുറിച്ചല്ലാതെ മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല. മറ്റൊരു സ്ഥാപനവും അവന്റെ മനസ്സിൽ ഇല്ലായിരുന്നു. അവൻ പറഞ്ഞത് ശ്രദ്ധിക്കുക; "എന്റെ പിതാവ് എനിക്ക് രാജ്യം നിയമിച്ചു തന്നതു പോലെ ഞാൻ നിങ്ങൾക്കും നിയമിച്ചു തരുന്നു. നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ നിന്നു കുടിക്കുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കുകയും ചെയ്യും" (ലൂക്കോസ് 22:29-30). ഇത് കർത്തൃമേശയെക്കുറിച്ചു തന്നെയാണ് പറയുന്നത്. സഭയിലെ കർത്താവിന്റെ മേശയെ ആരും സംശയിക്കില്ലല്ലോ (1 കൊരിന്ത്യർ 11:23-26). എന്നാൽ യേശു പറഞ്ഞു, അത് രാജ്യത്തിലായിരിക്കും. ഇത് ഒരേ സ്ഥാപനത്തിലുള്ള ആളുകളെക്കുറിച്ചാണ് പറയുന്നത്.

അങ്ങനെ അവൻ രാജ്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ സഭയെക്കുറിച്ചാണ് സംസാരിച്ചത്. അതു കൊണ്ടാണ് രാജ്യം, സഭ എന്നീ രണ്ടു വാക്കുകളും അടുത്തടുത്തായി ഉപയോഗിച്ചിരുന്നത് (മത്തായി 16:16-19). സഭ പണിയും എന്നു പറഞ്ഞിട്ട് ദൈവരാജ്യത്തിന്റെ താക്കോൽ നൽകുന്നു എന്ന് പറഞ്ഞു. ഇത് രണ്ടും ഒന്ന് തന്നെയാണ്. സഭ പണിയുന്നതിന് കർത്താവിന് പദ്ധതി ഉണ്ടായിരുന്നു.

4. അതിലെ ജനസംഖ്യ നോക്കുക

സഭയായി തീർന്ന ആളുകളെക്കുറിച്ചൊന്നു ചിന്തിച്ചു നോക്കുക. അപ്പോൾ കർത്താവിന് സഭയെക്കുറിച്ചുള്ള ആശയം നിങ്ങൾക്കു കിട്ടും. സഭയിലുള്ള ആളുകൾ ഏതു തരക്കാരാണെന്ന് ലൂക്കോസ് വിവരിക്കുന്നുണ്ട്.

''രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തു കൊണ്ടി രുന്നു'' (പ്രവൃത്തി 2:47). സഭയായി ചേർക്കപ്പെടുന്നവരാണ് ലോകത്തിലെ ഏറ്റവും വലിയ ആളുകൾ.. സാത്താനിൽ നിന്നും ജീവനുള്ള ദൈവത്തി ങ്കലേക്ക് തിരിഞ്ഞവരാണവർ, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് തിരി ഞ്ഞവരാണ് അവർ.

5. അതിനായി ഒരുക്കിയ സ്ഥാനം നോക്കുക

ശിഷ്യന്മാർക്ക് ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നെന്ന് യേശു പറഞ്ഞി രുന്നില്ലേ? (യോഹന്നാൻ 14:1-3). അവൻ സ്വർഗ്ഗത്തിൽ അവർക്കായി ഒരു സ്ഥലം ഒരുക്കും എന്നാണ് പറഞ്ഞിരുന്നത്. പൗലോസ് വേർപിരിഞ്ഞ് കർത്താവിനോട് കൂടെ ആകുവാൻ അടുത്തിരിക്കുന്നെന്ന് മനസ്സിൽ കണ്ടു പറഞ്ഞ സ്ഥലം അതാണ് (ഫിലിപ്പിയർ 1:21-23). സഭയ്ക്കു വേണ്ടി കർത്താവിന്റെ മനസ്സിൽ ഉണ്ടായിരുന്നതു പൗലോസിന് മനസ്സിലായി രുന്നു. കാലങ്ങളായി വീണ്ടെടുക്കപ്പെട്ടിരുന്നവരുടെ ഭവനത്തിലെത്താ നായിരുന്നു അവൻ കാത്തിരുന്നത്. അവൻ സഭയെ ഗൗരവമായി ചിന്തി ച്ചിരുന്നു. നാമും സഭയെ അങ്ങനെ തന്നെ കാണണം.

6. സഭയുടെ വളർച്ച നോക്കുക

ഒന്നാം നൂറ്റാണ്ടിൽ സഭയ്ക്കു വളരെയധികം ഉപദ്രവം നേരിട്ടിരുന്നു. എങ്കിലും ചിതറിപ്പോയവർ വചനം സംസാരിച്ചുകൊണ്ട് അവിടെത്തന്നെ സഞ്ചരിച്ചു. തൽഫലമായി ജനങ്ങൾ വചനം വിശ്വസിച്ചു സ്നാനമേറ്റു സഭയോട് ചേർക്കപ്പെട്ടു. അപ്പോസ്തോലന്മാരും ആദ്യ ക്രിസ്ത്യാനികളും അവരുടെ കടമ കൃത്യമായി നിർവ്വഹിച്ചു, സഭയുടെ വളർച്ചയ്ക്ക് അന്ന് എരിവും ആണുണ്ടായിരുന്നത്. ഇന്നും സഭയുടെ വളർച്ചയ്ക്ക് ഇതു തന്നെ യാണവശ്യം. അതിനു ദൈവ പരിജ്ഞാനത്തിൽ വളരണം. എങ്കിൽ മാത്രമേ ഉറപ്പും ധൈര്യവും ഉണ്ടാകുകയുള്ളൂ. ക്രിസ്തുവിന്റെ ഉപദേശ ത്തിന്റെ മഹാത്മ്യം തിരിച്ചറിഞ്ഞവർ ഒരിക്കലും അടങ്ങിയിരിക്കുകയി ല്ല. കർത്താവിന്റെ സഭയിലുള്ള എല്ലാവരും ക്രിസ്തുവിന്റെ ലക്ഷ്യം മന സ്സിലാക്കി ജീവിച്ചാൽ സഭയെ വളർത്തുവാൻ വേണ്ടത് നാം ചെയ്യും.

★

# ആർക്ക് പ്രാർത്ഥിക്കുവാൻ കഴിയും?

ജെ. സി. ചോട്ട്

പ്രാർത്ഥനയുടെ പ്രാധാന്യം അറിയാത്തവർ ചുരുക്കമാണ്. പ്രാർത്ഥനയുടെ ആവശ്യകത എടുത്തു പറയാതെ തന്നെ നമ്മിൽ പലർക്കും അറിയാം. നമ്മളേക്കാൾ ശക്തിയുള്ള ഒരാൾ നമ്മോടു കൂടെയുള്ളത് എത്ര മഹത്തായ കാര്യമാണ് ! ആർക്കാണ് പ്രാർത്ഥിക്കാൻ കഴിയുന്നത്? തീർച്ചയായും എല്ലാവർക്കും പ്രാർത്ഥിപ്പാൻ കഴിയും. എന്നാൽ ചോദ്യമിതാണ്. ആരുടെ പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നത്? കർത്താവ് എല്ലാവരുടെയും പ്രാർത്ഥന കേൾക്കുമോ? പ്രാർത്ഥിക്കുന്നവർ ആരാണെന്നോ, അവർ ചെയ്യുന്നതെന്താണെന്നോ നോക്കാതെ ദൈവം എല്ലാവരുടെയും പ്രാർത്ഥനയ്ക്ക് മറുപടി നൽകുമോ? ഈ ചോദ്യത്തിനുള്ള ഉത്തരത്തിനു നമുക്ക് ബൈബിളിലേക്ക് പോകാം.

എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് നഷ്ടമായി എന്നു നമ്മോട് പറഞ്ഞിരിക്കുന്നു (റോമർ 2:23). അതിനർഥം നാമെല്ലാവരും പാപികളാണ്. നാം ദൈവത്തെ അനുസരിച്ച് അവന്റെ മക്കളാകുവാൻ തയ്യാറായെങ്കിലും. നാം അവന്റെ മക്കളാണോ അല്ലയോ എന്നതാണ് വ്യത്യാസം. പേരിൽ മാത്രമോ വാക്കിൽ മാത്രമോ ദൈവമക്കളാകാതെ വാസ്തവത്തിൽ ദൈവം അംഗീകരിക്കും വിധത്തിൽ നാം ദൈവമക്കളാകണം. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്നാണ് കർത്താവ് കൽപിച്ചിട്ടുള്ളത് (മർക്കോസ് 16:16).

നാമെല്ലാം മാനസാന്തരപ്പെട്ട് പാപ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപ്പിൻ എന്ന് അപ്പോസ്തോലനായിരുന്ന പത്രോസും ശേഷം അപ്പോസ്തോലന്മാരും പഠിപ്പിച്ചിരുന്നു (പ്രവൃത്തി 2:38). ഒരാൾ ഇവയൊക്കെ ആത്മാർത്ഥമായി ചെയ്താൽ, കർത്താവ് ആ വ്യക്തിയെ രക്ഷിക്കും. അയാളുടെ പാപങ്ങൾ ദൈവം ക്ഷമിച്ച് ആ വ്യക്തിയെ കർത്താവ് സഭയോട് ചേർക്കുകയും ചെയ്യും (പ്രവൃത്തി 2:47). ‘‘ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു’’ (ഗലാത്യർ 3:26 –27).

ഇനി നമ്മുടെ ചോദ്യത്തിലേക്ക് മടങ്ങി വരാം. ആരുടെ പ്രാർത്ഥ നയാണ് ദൈവം കേൾക്കുന്നത്? അവൻ എല്ലാവരുടെയും പ്രാർത്ഥന കേൾക്കുമോ അതോ അവനുള്ളവരുടെ അഥവാ രക്ഷിക്കപ്പെട്ടവരുടെ അല്ലെങ്കിൽ ക്രിസ്തുവിൽ ആയി തീർന്നവരുടെയോ? ദൈവം ക്രിസ്ത്യാ നികളുടെയും അക്രൈസ്തവരുടെയും പ്രാർത്ഥന കേൾക്കുമെങ്കിൽ, ക്രിസ്ത്യാനിക്കും അക്രൈസ്തവനും തമ്മിൽ എന്ത് വ്യത്യാസമാണു ള്ളത്? ദൈവമക്കളായി തീരാത്തവരുടെ പ്രാർത്ഥന അവൻ കേൾക്കുന്ന തിനു മുൻപ് ദൈവമക്കളായി തീർന്നവരുടെ പ്രാർത്ഥന അവൻ കേൾക്കും എന്നതു തീർച്ചയാണ്.

യേശു ഒരു കുരുടനെ സൗഖ്യമാക്കിയതായി നമ്മോട് പറഞ്ഞി രിക്കുന്നു. ഇതിനെക്കുറിച്ച് ചോദ്യമുയർന്നപ്പോൾ സൗഖ്യമായവൻ പറഞ്ഞു: ‘‘പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവ ഭക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അറിയുന്നു’’ (യോഹന്നാൻ 9:31). കർത്താവ് ഈ പ്രസ്താ വനയെ എതിർത്തില്ല. തിരുവെഴുത്ത് അതു നിഷേധിക്കുകയും ചെയ്യു ന്നില്ല. ദൈവത്തിന്റെ മക്കളായി തീരാത്തവരുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നു തീർച്ചപ്പെടുത്താം.

തനിക്കുള്ളവരുടെ പ്രാർത്ഥനയ്ക്കു അവൻ മറുപടി നൽകും. ഇതു മനസ്സിലാക്കുവാൻ പ്രയാസമില്ല. വെറും മനുഷ്യരായ നാം നമ്മുടെ മക്ക ളോട് എങ്ങനെയാണ് പ്രതികരിക്കുന്നത്? അനുസരിക്കുന്ന മക്കൾക്കു നാം എന്തും കൊടുക്കും. അനുസരിക്കാത്തവർക്ക് എന്തെങ്കിലും ചെയ്യാൻ നമുക്കു മനസ്സ് വരുമോ? ഇതു സാമാന്യ ബുദ്ധിയുള്ളവർക്ക് എല്ലാവർക്കും മനസ്സിലാകും. ദൈവേഷ്ട പ്രകാരം പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന അവൻ കേൾക്കുക തന്നെ ചെയ്യും (1 യോഹന്നാൻ 5:14-16).

ഒരു വിഷമത്തിലാകുമ്പോൾ, പ്രത്യേകാവശ്യങ്ങൾ നേരിടുമ്പോൾ സഹായം വേണമെന്നുള്ളത് സ്വാഭാവികമാണ്. പ്രാർത്ഥനയിൽ ദൈവത്തെ വിളിച്ചപേക്ഷിക്കും. അതിനർത്ഥം കർത്താവ് അവരുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുമെന്നല്ല. പാപികളുടെ പ്രാർത്ഥന എന്നൊന്ന് ബൈബിളിൽ പറഞ്ഞിട്ടില്ല. പാപികൾ പ്രാർത്ഥനയിലൂടെ രക്ഷ പ്രാപിക്കും എന്നു ദൈവം പറഞ്ഞിട്ടില്ല. അക്രൈസ്തവർക്ക് ദൈവ ത്തോടടുക്കുവാൻ ഒരു വഴി ഒരുക്കും. സത്യം അറിയുവാൻ ആവസരം

നൽകും. അതവർ ശരിയായി ഉപയോഗിച്ചാൽ അവർക്ക് നല്ലത്.

നിങ്ങൾ പ്രാർത്ഥനയിൽ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്? നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടണമെന്ന് നിങ്ങൾക്ക് ആഗ്രഹമില്ലേ? അങ്ങനെ എങ്കിൽ നിങ്ങൾ സത്യമെന്തെന്നറിയണം. സത്യം മനസ്സിലാക്കണം. സുവിശേഷം അനുസരിച്ചാൽ കർത്താവ് നിങ്ങളെ രക്ഷിക്കും. അപ്പോൾ മാത്രമേ നിങ്ങൾക്ക് ദൈവവുമായി ശരിയായ ബന്ധം പുലർത്തുവാൻ പറ്റുകയുള്ളൂ. അപ്പോഴാണ് ദൈവം നിങ്ങളുടെ പിതാവായി തീരുന്നത്. അബ്ബാ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുവാൻ അങ്ങനെ ധൈര്യം കിട്ടും.

പാപം ഒരു വ്യക്തിയിൽ ഉള്ളിടത്തോളം ധൈര്യത്തോടെ ദൈവത്തെ സമീപിക്കാൻ പ്രയാസമാണ്. ശിക്ഷയെക്കുറിച്ചുള്ള ഭയമാണ് കാരണം. ദൈവത്തോട് പ്രാർത്ഥനയിൽ ആശയവിനിമയം നടത്താൻ അവകാശം അവന്റെ മക്കൾക്കാണ്. ക്രിസ്തുവിലായിത്തീരുന്നവർക്ക് പ്രത്യേകമായ അവകാശങ്ങൾ ദൈവം വഗ്ദാനം ചെയ്തിട്ടുണ്ട്. ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ച് അതിൽ വിശ്വസ്തനായി ജീവിച്ചാൽ ദൈവം വാഗ്ദാനം ചെയ്ത അനുഗ്രങ്ങൾ ലഭിക്കും.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378